(സി) കരാർ അംഗീകരിക്കാത്ത ഏതെങ്കിലും സംഘടനകൾ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശമ്പളത്തിലുള്ള വർദ്ധനവ് നോഷനലായി 1.1.1975 മുതലും കുടിശ്ശിക ശമ്പളം 1.1.1977 മുതലും നടപ്പിലാക്കാമെന്നാണ് സമ്മതിച്ചിട്ടുള്ളത്.

(ബി) ഏകദേശം നാലര കോടി രൂപ.

(സി,ഡി) അംഗീകൃത സംഘടനകളില്ല.

ആലപ്പുറം—പെരുവേലിക്കര എന്നീ ഭാഗങ്ങളുടെ വൈദ്യുതീകരണം

627 [909] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ഇലക്ട്രിക്കൽ സെക്ഷനിൽപെട്ട ശാസ്താംകോട്ട പഞ്ചായത്തിലെ ആലപ്പുറം പെരുവേലിക്കര എന്നീ ഭാഗങ്ങൾ വൈദ്യുതീകരിക്കുന്നതിനെ സംബന്ധിച്ച് 8.8.1977 ൽ ഒരു നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലൊരു തീരുമാനമെടുക്കാൻ ഇത്രയധികം കാലതാമസം ഉണ്ടാകുന്നതിന്റെ കാരണമെന്തെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭാഗങ്ങൾ വൈദ്യുതീകരിക്കുന്നത് സംബന്ധിച്ച ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നൽകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ആലപ്പുറം—പെരുവേലിക്കര ബണ്ടു റോഡിൽ ലൈൻ വലിക്കുന്നതിന് ഒരു എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്തിട്ടുണ്ട്. ഈ എസ്റ്റിമേറ്റിന് എം. ജി. വെയ്ക്കുവാൻ ബന്ധപ്പെട്ട ഉപഭോക്താക്കളെ അറിയിച്ചിട്ടുണ്ട്. എം. ജി. വെയ്ക്കാത്തതിനാൽ ടെക്നിക്കൽ സാങ്ഷൻ കൊടുത്തിട്ടില്ല.

(സി) ഈ ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് മാത്രം മതിയെങ്കിൽ ഈ വർഷം ശാസ്താംകോട്ട പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് പ്രോഗ്രാമിൽ പെടുത്തുന്നതിന് പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണ്.

പമ്പുസെറ്റുകൾക്കുള്ള വിദ്യുച്ഛക്തി കണക്ഷൻ

628 [912] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly